# നീലക്കരയുള്ള സാരി





ഡി. ബാബു പോൾ ഐ.എ.എസ്

ഝേ കർമ്മണ്യനിരീക്ഷ്യ വാന്യമനുജം ദുഃഖാർദ്ദിതം യന്മന-
സ്താദ്രൂപ്യം പ്രതിപദ്യതേ ജഗതി തേ
സത്പുരുഷ പഞ്ചഷാഃ

എന്ന് ഭാരതീയാചാര്യന്മാർ നിരീക്ഷിച്ചിട്ടുണ്ട്. ദുഃഖം അനുഭവിക്കുന്ന സഹജീവികളിൽ സഹാനുഭാവം വഹിക്കുകയും അവരെ ഉള്ളഴിഞ്ഞ് സഹായിക്കുകയും ചെയ്യുന്ന സൽപ്പുരുഷന്മാർ അംഗുലീപരിമിതരാണ് എന്നർത്ഥം.

ശൂരന്മാർ ധാരാളം. വിദ്യാസമ്പന്നർ നാടാകെ. കുബേരനെ അതിശയിക്കുന്ന ധനവാന്മാർക്കും ഇല്ല പഞ്ഞം. കാണാൻ കിട്ടാത്തത് സജ്ജനങ്ങളെയാണ്. സജ്ജനങ്ങൾ ആരാണ് എന്ന് ഭർതൃഹരി നിർവചിച്ചിട്ടുണ്ട്. ഗർവം നോദ്വഹതേ. അഹങ്കരിക്കാത്തവർ. പരാൻന നിന്ദതി. അന്യരെ നിന്ദിക്കാത്തവൻ. പരുഷമായി സംസാരിക്കാത്തവൻ. ആരെങ്കിലും അപ്രിയം പറഞ്ഞാലും നിശ്ശബ്ദമായി സഹിക്കുന്നവൻ. കോപമില്ല. ദോഷം ചെയ്യുകയില്ല.

ഇങ്ങനെയൊക്കെ ഒരു മനുഷ്യജന്മം ഉണ്ടാകുമോ? ഉണ്ടാകും എന്ന് ഇടയ്ക്കിടെ തെളിയാറുണ്ട്. അങ്ങനെ തെളിഞ്ഞ ഒരു രൂപമാണ് കൊൽക്കത്തയിലെ വിശുദ്ധ തെരേസ.

അൽബേനിയൻ വംശജയായി മാസിഡോണിയയിൽ ജനിച്ച് ഭാരതത്തിൽ ജീവിച്ച് ഈ പുണ്യഭൂമിയിൽ അന്ത്യവിശ്രമം കൊള്ളുന്ന അമ്മ താൻ ജന്മംകൊണ്ട് യൂറോപ്യനും മനസുകൊണ്ട് ഭാരതീയവനിതയും വിശ്വാസം കൊണ്ട് റോമൻ കത്തോലിക്കാസഭയിലെ കന്യാസ്ത്രീയും ആണ് എന്ന് സ്വയം നിർവചിച്ചിട്ടുണ്ട് എന്നാണ് ഓർമ്മ.

ഊനവിംശതിവയസ്സ് ആയിരിക്കവെ തന്നെ ജന്മദേശം വിട്ടുകൊണ്ട് അവരുടെ യൂറോപ്യൻ ഭാവം നമുക്ക് മറക്കാം. അവരുടെ ഭാരതീയതയും സഭാംഗത്വവും ശ്രദ്ധിക്കുക.

സ്വാതന്ത്ര്യം കിട്ടിയ കാലത്തുനിന്ന് ഏറെ അകലെയായിരുന്നില്ല മദർ ലോറെറ്റോയിലെ ശീതീകരിച്ച അന്തരീക്ഷം ഉപേക്ഷിച്ച് പുറത്തിറങ്ങിയ കാലം. അന്നെന്നല്ല ഇന്നും കത്തോലിക്കാ കന്യാ

സ്ത്രീകളിൽ സാരി ഔദ്യോഗിക വസ്ത്രമായി സ്വീകരിക്കുന്നവർ കുറവാണ്. അന്നാകട്ടെ മറ്റാരും ഉണ്ടായിരുന്നിരിക്കാനിടയില്ല. ഈ പശ്ചാത്തലത്തിലാണ് മദർ സാരി തിരഞ്ഞെടുത്തതിലെ സന്ദേശങ്ങൾ തിരിച്ചറിയേണ്ടത്. ഭാരതീയതയോടുള്ള പ്രതിബദ്ധതയും സാംസ്കാരികാനുരൂപണം എന്ന സഭാശാസ്ത്രസങ്കല്പവും ആ തീരുമാനത്തിൽ അന്തർലീനമായിരിക്കുന്നു.

ഏത് സാരി? ഇപ്പോൾ സാരി ഉപയോഗിക്കുന്ന മിക്ക കന്യാസ്ത്രീകളും കാവിനിറത്തിലുള്ള സാരിയാണ് ഉപയോഗിക്കുന്നത്. ഭാരതീയരായ സന്യാസിമാരെ അടയാളപ്പെടുത്തുന്ന നിറവും അതാണ്. എന്നാൽ മദർ തിരഞ്ഞെടുത്തത് നീലക്കരയുള്ള വെള്ളസാരി ആയിരുന്നു. അത് അന്ന് കൽക്കത്ത നഗരസഭയിലെ തൂപ്പുകാരികളുടെയും തോട്ടിക്കാരികളുടെയും യൂണിഫോം ആയിരുന്നു. ദരിദ്രരുടെ പക്ഷം ചേരുന്നതിനെക്കുറിച്ച് വിമോചന ദൈവശാസ്ത്രം വാചാലമാകുന്നതിന് എത്രയോ മുമ്പാണ് അമ്മ അവരുടെ പക്ഷം ചേർന്നത്!

ആ നീലക്കര ഇന്ന് അടയാളമാണ്. എം.എഫ്. ഹുസൈന്റെ വിശ്രുതമായ ഒരു ചിത്രം ഉണ്ട്. അമ്മ ഒരു ദുർബലശിശുവിനെ പരിചരിക്കുന്നതാണ് വരച്ചിട്ടുള്ളത്. ചിത്രത്തിൽ അമ്മയുടെ മുഖമില്ല. അമ്മയുടെ ചെറിയ കൂനും നീലക്കരയുള്ള സാരിയും.

അമ്മ നന്മ ചെയ്തത് മതപരിവർത്തനം നടത്താനാണെന്ന് ആരോപിച്ചിട്ടുള്ളവരുണ്ട്. (കൂടെ പറയട്ടെ, മോഹൻ ഭഗവത് അങ്ങനെ പറഞ്ഞില്ല. അദ്ദേഹം സന്നിഹിതനായിരുന്ന ഒരു വേദിയിൽ ഒരു "ഐ.പി.എസ് (റിട്ട)" ആണ് പറഞ്ഞത്. ഭഗവത്ജി ആകെ പറഞ്ഞത് കാരുണ്യം മറയാക്കി മതപരിവർത്തനം ലക്ഷ്യമിട്ടുന്നവർ ഇപ്പോഴും ഉണ്ട് എന്നാണ്. നാഗാലാൻഡിൽ ഗവർണറായിരുന്ന പ്രശസ്ത വേദശാസ്ത്രജ്ഞൻ എം.എം. തോമസിന്റെ ദർശനം ഉൾക്കൊള്ളാൻ ശ്രമിക്കുന്ന അസ്മാദൃശന്മാർക്ക് ഭഗവത്ജിയോട് യോജിപ്പാണുള്ളത് ഇക്കാര്യത്തിൽ. മതപരിവർത്തനം വേണ്ട). എന്നാൽ അമ്മ ഒരിക്കലും മതപരിവർത്തനം നടത്തിയില്ല. ഞാൻ എല്ലാ മതങ്ങളെയും സ്നേഹിക്കുന്നു. എന്റെ മതത്തെ ഞാൻ പ്രണയിക്കുന്നു എന്നതായിരുന്നു ഇക്കാര്യത്തിൽ അമ്മയുടെ നിലപാട്. I love all religions; I am in love with my religion.

ഇതും ഭാരതീയ സംസ്കൃതിയോട് ചേർന്ന് നിൽക്കുന്ന സമീപനമാണ് എന്ന് എടുത്തുപറയേണ്ടതില്ല. ചാർവാകമതവും വൈഷ്ണവചിന്തയും അദ്വൈതവും മതാതീതമായ ആദ്ധ്യാത്മികതയും ഒക്കെ ഒരേ ഭൂമികയിൽ സഹവർത്തിക്കുന്നതാണല്ലോ നമ്മുടെ സംസ്കാരം. സ്വന്തം മതത്തിൽ വെള്ളം ചേർക്കുന്നതല്ല അതിന്റെ ലക്ഷണം. കൈയിൽ ജപമാലയുമായല്ലാതെ നാം അമ്മയെ കണ്ടിട്ടില്ല. അത് പ്രകടനപരതയോ സ്വത്വപ്രഖ്യാപനമോ ഒന്നും ആയിരുന്നില്ല. ഒരു കത്തോലിക്കാ കന്യക ബാല്യം മുതൽ ശീലിക്കുന്ന ആദ്ധ്യാത്മികചര്യ ആയിരുന്നു അമ്മയ്ക്ക് ജപമാല സമർപ്പണം. അത് അവർ ഉപേക്ഷിക്കുകയോ ഒളിക്കുകയോ ചെയ്തില്ല. അത് ഇതരമതങ്ങളോടുള്ള അവരുടെ മനോഭാവത്തെ മാറ്റിയതുമില്ല. മതത്തിന്റെ ഗംഭീരമാനങ്ങൾ തിരിച്ചറിയാതെ ഉപരിതലത്തിൽ മാത്രം വിഹരിക്കുന്നവർക്ക് - അവരുടെ മതം ഏത് തന്നെ ആയാലും - ദുർഗ്രഹമായ ഒരു തത്വം ആണ് എന്നറിയാതെയല്ല ഇത് കുറിക്കുന്നത്.

പിന്നെ ആർദ്രത. തുടക്കത്തിൽ ഉദ്ധരിച്ച വരികൾ സൂചിപ്പിക്കുന്നത് സഹാനുഭാവം എന്ന ആശയമാണ്. ഇംഗ്ലീഷിൽ എംപതി എന്ന വാക്ക് ഉണ്ടായിട്ട് നൂറു വർഷമേ ആയിട്ടുള്ളൂ. ഗ്രീക്കിലെ എമ്പതേയ (empatheia) എന്ന വാക്കിൽനിന്ന് 1904 ൽ ഇത് രൂപപ്പെടാൻ കാരണം അയ്ൻഫുഹ്ലങ് എന്ന ജർമ്മൻ പദം തിയോഡോർ ലിപ്സ് തലേക്കൊല്ലം രൂപപ്പെടുത്തിയതാണ്. ആസ്വാദകൻ കലാസൃഷ്ടിയോട് താദാത്മ്യപ്പെടുന്നത് - എയ്സ്തെറ്റിക് എംപതി - സൂചിപ്പിക്കാനാണ് ലിപ്സ് പദം സൃഷ്ടിച്ചത്. കാഫ്കയുടെ ഒരു കൃതിയുടെ ഇംഗ്ലീഷ് പരിഭാഷയിലാണ് ഈ പദം ആദ്യമായി ഉപയോഗിക്കപ്പെട്ടത് എന്ന് പദനിഷ്പത്തി. അതിരിക്കട്ടെ. ആ ആശയം ഭാരതത്തിൽ പണ്ടുതന്നെ ഉണ്ടായിരുന്നു എന്നതും ഇരിക്കട്ടെ. മ[illegible] ദുഃഖാർത്തരെയും അവശരെയും ആലംബഹീനരെയും ശുശ്രൂഷിച്ചത് സിമ്പതി കൊണ്ടല്ല എമ്പതി കൊണ്ടാണ് എന്ന് പറയുകയാണ് ഞാൻ.

ഓരോ സഹജീവിയിലും ഈശ്വരനെ തിരിച്ചറിഞ്ഞതുകൊണ്ടാണ് മദറിന് ഇ

ങ്ങനെ എംപതൈസ് ചെയ്യാൻ കഴിഞ്ഞത്. ഖുശ്വന്ത്സിംഗ് അമ്മയോട് ചോദിച്ചു കുഷ്ഠരോഗിയുടെ വ്രണം വൃത്തിയാക്കി വച്ചുകെട്ടുമ്പോൾ അറപ്പ് തോന്നാറില്ലേ എന്ന്? ഏത് കുഷ്ഠരോഗി, ഏത് വ്രണം എന്ന മട്ടിലായിരുന്നു മറുപടി: "ഞാൻ പരിചരിക്കുന്നത് ക്രിസ്തുവിനെ ആണ്." ഇവിടെ സഹാനുഭാവം അഥവാ എമ്പതി വികസിച്ച് ഈശ്വരാരാധനയായി മാറുന്നു. അതുകൊണ്ടാണ് മതം പരിഗണനയിൽ വരാത്തതും. ആസന്നമരണംരെ ശുശ്രൂഷിച്ചപ്പോൾ അമ്മ അന്ത്യകൂദാശ നൽകിയില്ല. ഹിന്ദു ഹിന്ദുവായി മരിച്ച് ചിതയിലൊടുങ്ങി. മുസ്ലിം മുസ്ലിമായി മരിച്ച് കബറിലായി. എല്ലാവരും മനുഷ്യനിൽ ഈശ്വരന്റെ പ്രതിഫലനം കണ്ട് മരിച്ചു എന്നതാണ് ശ്രദ്ധിക്കാനുള്ളത്.

മഗറിഡ്ജിന്റെ "സംതിംഗ് ബ്യൂട്ടിഫുൾ ഫോർ ഗോഡ്" വായിച്ച് 1971 ൽ ആണ് ഞാൻ മദറിനെക്കുറിച്ച് അറിഞ്ഞത്. പിന്നെ മൂന്നുവട്ടം നേരിൽകണ്ടു.

1973 ലോ മറ്റോ മദർ കോട്ടയത്ത് വന്നു. ഞാൻ കളക്ടറായി അവിടെ താമസിക്കുന്ന കാലം. മനോരമയിൽ മദറിന് സ്വീകരണം. അന്ന് മിണ്ടാനായില്ല. എങ്കിലും അമ്മ അടുത്തുകൂടെ പോയപ്പോൾ ആ നീലക്കരയുള്ള സാരിയുടെ തുമ്പിൽ ഞാൻ ഒന്ന് തൊട്ടു. ആൾക്കൂട്ടത്തിലെ ശ്രീയേശുവിന്റെ വസ്ത്രാഞ്ചലത്തിൽ ആളറിയാതെ തൊടാൻ ശ്രമിച്ച രക്തസ്രാവക്കാരിയെപ്പോലെ. അമ്മ അറിഞ്ഞില്ല. അവർ വെറും മനുഷ്യപുത്രി അല്ലേ? പക്ഷേ എനിക്ക് ഒരു ആലൗകിക പ്രഭാവം അനുഭവപ്പെട്ടു.

പിന്നെ 1986 (എന്ന് തോന്നുന്നു) അമ്മ എന്റെ വീട്ടിൽ വന്നു. ആ കഥ പലയിടത്തും പറഞ്ഞിട്ടുള്ളത് ആവർത്തിക്കുന്നില്ല. അന്ന് അമ്മ ഇരുന്ന കസേര അന്നുതന്നെ ഞാൻ മാറ്റിയിട്ടു. അമ്മയോളം വിശുദ്ധിയുള്ള മറ്റാരെങ്കിലും വീട്ടിൽ വരും എന്ന് നിനയ്ക്കാനാവുമായിരുന്നില്ലല്ലോ. ആ കസേര ഇന്ന് എന്റെ വീട്ടിലെ അൾത്താരയാണ്. നിമിലീതനയനനായി മുകുളിതഹസ്തനായി എന്നും പ്രഭാതത്തിൽ അവിടെ നിന്നുകൊണ്ടാണ് ഞാൻ എന്റെ ഒരു ദിവസം ആരംഭിക്കുന്നത്. അദ്ധ്യാപിക ആയിരുന്ന അമ്മയുടെ മുന്നിലിരുന്നാണ് ഞാൻ കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം കുറിച്ചുകൊടുക്കുന്നത്. ഈ വീട്ടിൽ വച്ച് അത് ചെയ്യുമ്പോൾ ഒരിക്കൽക്കൂടെ അമ്മയെ കണ്ടു. 1993. കണ്ണൂർ. ഒരു പൊതുവേദി; മുഖ്യമന്ത്രി കരുണാകരനും കുറെ മെത്രാന്മാരും ഞാനും. അന്ന് അമ്മ എന്നെ അനുഗ്രഹിച്ചു.

മദർ വ്യവസ്ഥിതിയെ എതിർത്തില്ലല്ലോ എന്ന് ചിലർ പറയാറുണ്ട്. ശരിയാണ്. മനുഷ്യർക്ക് മനുഷ്യരാവാൻ മറ്റ് മനുഷ്യർ വേണം എന്ന് പറഞ്ഞത് മാർക്സ് ആണ്. അല്ലേ? അമ്മയോട് ഒരു കത്തോലിക്കാ വൈദികൻ ഒരിക്കൽ ഇത് ചോദിച്ചു. ദാരിദ്ര്യം എങ്ങനെ ഉണ്ടാകുന്നു എന്ന് പഠിക്കാനോ അത് എങ്ങനെ തടയാം എന്ന് ഉപദേശിക്കാനോ താൻ ആളല്ല എന്നായിരുന്നു മറുപടി. "നിർവചനവും വിശകലനവും വിമർശനവും നിങ്ങൾ ബുദ്ധിജീവികൾ നടത്തുക. കണ്ണീരൊപ്പുകയും സ്നേഹം പങ്കുവയ്ക്കുകയും ചെയ്യുക മാത്രമാണ് എന്റെ ദൈവിക നിയോഗം എന്നായിരുന്നു അമ്മയുടെ മറുപടി.

നീല നിറത്തിലുള്ള ബോർഡറോട് കൂടിയ പരുക്കൻ വെള്ളസാരി തലവഴി മൂടിപ്പുതച്ച കന്യാസ്ത്രീകളുടെ വേഷം തൂപ്പുകാരുടെയും തോട്ടിപ്പണി ചെയ്യുന്ന പെണ്ണുങ്ങളുടെയും വേഷത്തിന്റെ അനുകരണം ആയിരുന്നു എന്ന് ഇന്ന് ആരും ഓർക്കുന്നില്ല. മാനവരാശിയുടെ സമഗ്ര മനഃസാക്ഷി (ടോട്ടൽ ഹ്യൂമൻ കോൺഷിയൻസ്) യുടെ ഇടനാഴികളിലൂടെ ദൈവത്തിന്റെ തൂപ്പുകാരിയായി വിശുദ്ധിയുടെ പാത തെളിയിച്ച മദർ സ്വന്തം പാദപതനങ്ങളുടെ നിസ്വനം പോലും ഉയർത്താതെ നടന്നുപോയപ്പോൾ ലോകം പിന്തുണ നൽകി. നന്മയുടെ നാളം തിരിച്ചറിയാനുള്ള സിദ്ധി മനുഷ്യന് നഷ്ടമായിട്ടില്ലെന്ന് അത് തെളിയിച്ചു.